പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5299.

31.10.2016 - ൽ
മറുപടിയ്ക്ക്

## ഫോറൻസിക് കേസുകളുടെ പരിശോധനാ ഫലം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരത്തെ ഫോറൻസിക് ആസ്ഥാനത്ത് എത്ര കേസുകൾ പരിശോധന ഫലം കാത്ത് കിടക്കുന്നുണ്ട് ; | (എ) | തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 30.09.2016 വരെ 5218 കേസുകൾ പരിശോധനയ്ക്കായുണ്ട്. |
| (ബി) ഡി.എൻ.എ.പരിശോധനയ്ക്ക് സംസ്ഥാനത്ത് എവിടെയാണ് സംവിധാനമുള്ളത്; കൂടുതൽ സ്ഥലത്ത് ഡി.എൻ.എ.പരിശോധന സംവിധാനത്തിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സംവിധാനമുണ്ട്. തൃശ്ശൂരിലെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡി.എൻ.എ പരിശോധനാ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഫോറൻസിക് ലാബുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;വ്യക്തമാക്കുമോ ? | (സി) | ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിനും കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലാബ് ആരംഭിക്കുന്നതിന്റെ ഭാഗമായി DNA Kit, Lab Wares, Cyber Forensic Tool തുടങ്ങിയ ആധുനിക ഉപകരണങ്ങളും, കെമിക്കൽസ് തുടങ്ങിയവ വാങ്ങുന്നതിനും എ.എം.സി-ക്കും മറ്റുമായി 2016-2017 -ൽ 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തേയ്ക്ക് സൈബർ ഫോറൻസിക് വർക്ക് സ്റ്റേഷൻ തുടങ്ങുന്നതിനും, ഡി.എൻ.എ പരിശോധനാ സംവിധാനം തുടങ്ങുന്നതിനും 350 ലക്ഷം രൂപ ശിപാർശ ചെയ്തിട്ടുമുണ്ട്. കേന്ദ്രസഹായപദ്ധതിയിൽ 111 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

Rajani.S
സെക്ഷൻ ഓഫീസർ